**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **06-10-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായരംഗത്ത് നൂതന സാങ്കേതികവിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ അത്യാധുനിക സാങ്കേതികവിദ്യയുടെ കേന്ദ്രമായി ലോകത്തിനുമുന്നിൽ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഹൈടെക് സാങ്കേതിക വിദ്യയ്ക്ക് പ്രധാന്യം നൽകി കൊണ്ടുള്ള നാലാം തലമുറ (4.0) വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനുതകുന്നതാണ് പുതിയ വ്യവസായ നയം. മെഷീൻ ലേണിങ്, ഡാറ്റ അനലിറ്റിക്സ് എന്നീ പ്രക്രിയകളുടെ ഓട്ടോമേഷൻ സാധ്യമാകുന്നതിലൂടെ ഉത്പാദനരംഗത്ത് ഡിജിറ്റൽ വത്കരണം കടന്നുവരികയും ആധുനിക സ്മാർട്ട് വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന നൽകി വ്യവസായ രംഗത്ത് പുതുനിക്ഷേപങ്ങൾ ആകർഷിക്കുവാൻ കഴിയുന്ന ഒരു മികച്ച ആവാസ വ്യവസ്ഥ സൃഷ്ടിക്കുവാനും കഴിയുന്നതാണ്. |
| (ബി) | നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വ്യവസായ-വാണിജ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>2023-ൽ സർക്കാർ പുറപ്പെടുവിച്ച വ്യവസായ നയം നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകി കൊണ്ടുള്ളതാണ്.<br><br>ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, എയ്റോസ്പേസ്, പ്രതിരോധം, റോബോട്ടിക്സ്, ബയോടെക്നോളജി, ഇലക്ട്രിക് വാഹനങ്ങൾ, വിവര സാങ്കേതിക വിദ്യ, ലോജിസ്റ്റിക്സ്, ഭക്ഷ്യസംസ്കരണം, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഗ്രാഫീൻ എന്നിവയുൾപ്പെടെ 22 മുൻഗണനാ മേഖലകൾ കണ്ടെത്തി ഈ മേഖലകളിലെ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് 18 സബ്സിഡി പദ്ധതികളും പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | രാജ്യം റോബോട്ടിക്സ് മേഖലയിൽ ഉയർന്ന വളർച്ചാനിരക്ക് പ്രതീക്ഷിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അനുകൂല സാഹചര്യം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സംസ്ഥാനം തയ്യാറെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇതുമായി ബന്ധപ്പെട്ട അനുകൂല സാഹചര്യം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സംസ്ഥാനം തയ്യാറെടുത്തിട്ടുണ്ട്.<br><br>സംസ്ഥാന വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലകളിൽപ്പെട്ടതാണ് "റോബോട്ടിക്സ്". റോബോട്ടിക്സിലധിഷ്ഠിതമായ വ്യവസായ ഓട്ടോമേഷൻ മേഖലയുടെ പ്രചാരത്തിനായി അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ സംഗമം 2024 ഓഗസ്റ്റ് മാസം കൊച്ചിയിൽ നടത്തുകയുണ്ടായി. പ്രസ്തുത സംഗമത്തിൽ 190 -ൽ പരം കമ്പനികളും / സ്റ്റാർട്ടപ്പുകളും അവയുടെ പ്രതിനിധികളായി 700 ൽ പരം ഡെലിഗേറ്റുകളും പങ്കെടുത്തിരുന്നു. 31 എക്സിബിഷൻ സെന്ററുകളും റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ റോബോട്ടിക്സ് പാർക്ക് കെ.എസ്.ഐ.ഡി.സി. മുഖേന സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ പുത്തൻ വ്യവസായ നയത്തിൽ മുൻഗണനാ മേഖലകളിലൊന്നായി റോബോട്ടിക്സിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ എന്നീ മേഖലകളിൽ റോബോട്ടിക്സിനെ വ്യാപകമായി സംയോജിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>സംസ്ഥാന വ്യവസായ നയത്തിൽ പ്രതിപാദിച്ചിട്ടുള്ള 18 സബ്സിഡി പദ്ധതികൾ റോബോട്ടിക്സ് മേഖലയ്ക്കും ബാധകമാണ്. ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ എന്നീ മേഖലകളിൽ റോബോട്ടിക്സിനെ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ